**കായൽ നികത്തി പുരയിടമാക്കിയവർക്കെതിരെ നടപടി**

167 [2605] *ശ്രീ. വർക്കല കഹാർ:*
*„ സി. പി. മുഹമ്മദ്:*
*ശ്രീമതി മേഴ്സി രവി:*
*പ്രൊഫ. സാവിത്രി ലക്ഷ്മണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകൾ ഏതെല്ലാമാണ്; ഇവ വ്യാപകമായി കയ്യേറി നികത്തി ഭൂമിയാക്കി മാറ്റിയിട്ടുണ്ടോ;

(ബി) ഇത് കർശനമായി തടയുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) കായൽ നികത്തി പുരയിടമാക്കിയവരുടെമേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു?

*ഉത്തരം*

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

**ശാസ്താംകോട്ട കായൽ സംരക്ഷണം**

168 [2606] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായൽ ഏതുവിധത്തിൽ സംരക്ഷിക്കാമെന്നതു സംബന്ധിച്ച് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട്; അതു സംബന്ധിച്ച് നടത്തിയ പഠനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കായലിന്റെ നാലരികിലുള്ള സസ്യങ്ങളെയും അതിലുള്ള ജീവജാലങ്ങളെയും പറ്റി എന്തെല്ലാം പഠനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

*ഉത്തരം*

(എ) & (ബി) തിരുവനന്തപുരത്തെ ഭൗമശാസ്ത്രപഠനകേന്ദ്രം (CESS), കോഴിക്കോട് ആസ്ഥാനമായുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) എന്നിവ വിശദമായ പഠനം നടത്തിയിട്ടുണ്ട്. CESS-ന്റെ പഠനറിപ്പോർട്ടിൽ കായൽ സംരക്ഷിക്കുന്നതിന് ബണ്ട് നിർമ്മിക്കുക, കായലിനു ചുറ്റും ഗ്രീൻ ബെൽറ്റ് നിർമ്മിക്കുക, മണ്ണൊലിപ്പ് തടയുന്നതിനായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക എന്നീ നിർദ്ദേശങ്ങളായിരുന്നു. CWRDM

LIBRARY ARCHIVES Kerala Legislative Assembly

3.0734 കോടി രൂപയുടെ ഒരു സമഗ്രപദ്ധതി 1998-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. കേന്ദ്രസർക്കാർ ഈ പദ്ധതി തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 36.85 ലക്ഷം രൂപയുടെ പദ്ധതി അനുവദിക്കുകയും 12.12 ലക്ഷം രൂപ 2000-2001-ൽ നൽകുകയും ചെയ്തു. ബാക്കി തുകയ്ക്കുള്ള അംഗീകാരം പുതുക്കി വാങ്ങിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ശാസ്താംകോട്ട കായൽ സംരക്ഷണത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന കായലിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

## ശാസ്താംകോട്ട കായൽ

169 [2607] *ശ്രീ. വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായൽ നാശത്തെ നേരിടുന്നുണ്ടോ; ഈ കായലിന്റെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ചുറ്റുപാടുനിന്നും മഴക്കാലത്തെ വെള്ളപ്പാച്ചിൽമൂലം കായലിൽ നിക്ഷേപിക്കപ്പെടാനിടയായ മണ്ണും ചെളിയും കോരിമാറ്റുവാൻ എന്തെങ്കിലും ഏർപ്പാടുണ്ടാക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ കായലിന്റെ ജലനിരപ്പ് താഴ്ന്നു കൊണ്ടിരിക്കുകയാണോ; എങ്കിൽ അതിനുള്ള കാരണമെന്ത്?

*ഉത്തരം*

(എ) ഉണ്ട്. കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി കേന്ദ്രഗവൺമെന്റ് സഹായത്തോടെ മാനേജ്മെന്റ് ആക്ഷൻ ഫോർ അഷ്ടമുടി ആന്റ് ശാസ്താംകോട്ട വെറ്റ്ലാന്റ് എന്ന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. കൂടാതെ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാനായി കൊല്ലം ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ തടാക സംരക്ഷണത്തിനായി ജില്ലാ ഗ്രാമവികസന ഏജൻസിയുടെ സഹായത്തോടെ തടാകത്തിന്റെ സമീപപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ടോയ്ലറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. കായലിൽ അലക്കുജോലി നിരോധിച്ചുകൊണ്ട് പഞ്ചായത്ത് അധികൃതർ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇവർക്കായി 3 കിണറുകൾ കുഴിച്ചു നൽകിയിട്ടുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന കായലിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കായലിലേക്ക്

GPM. 2/588/2012—25



LIBRARY ARCHIVES Kerala Legislative Assembly